# S.N.H.S.SREEKANDESWARAM

# ഇത് ഞങ്ങളുടെ ലോകം



എസ്.എൻ.എച്ച്.എസ്സ്.ശ്രീകണ്ഠേശ്വരം

# സന്ദേശം

അതിദ്രുതം മുന്നോട്ടു പോകുന്ന സജീവമായ ഈ ലോകത്തിൽ അറിവിന്റെയും ടെക്നോളജിയുടെയും ചക്രവാളം നിരന്തരം വികസിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തീർച്ചയായും ഈ ഡിജിറ്റൽ മാഗസിൻ തെറ്റുകൾ തിരുത്തപ്പെട്ട് മുന്നേറുമെന്നതിൽ തർക്കമില്ല.സാങ്കേതികജ്ഞാനം മനുഷ്യനെ അടിമയാകുന്നതിൽ നിന്ന് മാറി ഉടമയാക്കുന്ന അവസ്ഥയിലേക്ക് മാറേണ്ടത് അത്യാവശ്യമെന്നത് ഓർമ്മിപ്പിച്ചുകൊള്ളുന്നു.

H.M ബിന്ദു എം ഡി


## ഉള്ളടക്കം

സ്മൃതിമണ്ഡപം....................................4
അമ്മയെ മറന്നു പോകുന്ന ഉണ്ണികൾ.....6
പൂനിലാവ്..........................................10
പ്രളയം..............................................12
കുട്ടനാട്..............................................14
കലാമിനോട് ഒരു ചോദ്യം...................18
നീയോരാൾമാത്രം...............................21
പൂന്തോട്ടകാഴ്ചകൾ..............................24
പനിനീർപൂവ്.......................................25
ഗാന്ധിയൻ ചിന്തകൾ..........................26
വി.ടി ഭട്ടതിരിപ്പാട്...............................27
വെണ്ണിലാവ്.........................................28
ആദരവ്...............................................30

# പിറന്ന നാടിന് വേണ്ടി ജീവൻ വെടിഞ്ഞ ധീരജവാൻ സ്മൃതി മണ്ഡപമൊരുക്കി മാതൃവിദ്യാലയം




ഝാർഖണ്ഡിൽ വീരമൃത്യുവരിച്ച ധീരജവാൻ ജോമോൻ സ്മൃതിമണ്ഡപമൊരുക്കി ശ്രീകണ്ഠേശ്വരം സ്കൂൾ രാജ്യസ്നേഹത്തിന് മാതൃകയായി.വിദ്യാർത്ഥികളിൽ




എസ്.എൻ.എച്ച്.എസ്സ്.ശ്രീകണ്ഠേശ്വരം

രാജ്യസ്നേഹം വളർത്തുന്നതിനും സൈനികസേവനത്തിന്റെ മഹത്വം മനസ്സിലാക്കുന്നതിനും ഈ മണ്ഡപം സഹായിക്കുന്നു. അതിർത്തിയിലെ ഓരോ സൈനികനും ജീവാൻ പണയം  വെച്ച് ഉറക്കമൊഴിച്ച കാവലിരിക്കുന്നതിലാണ് നാമെല്ലാം സമാധാനത്തോടെ ഉറങ്ങുന്നതെന്ന സന്ദേശം മണ്ഡപം നമുക്ക് നല്കുന്നു. നമ്മുടെ പൂർവ വിദ്യാത്ഥിയായി ജോമോൻ നന്നേ ചെറുപത്തിലെ സൈന്യത്തിൽ സേവനമനുഷ്ഠിച്ച് വീരമൃത്യുവരിക്കുകയായിരുന്നു. രാജ്യത്തിനു വേണ്ടി ജീവത്യാഗം ചെയ്ത ആ ധീര ജവാനെ പൂർവ വിദ്യാത്ഥിയായി ലഭിച്ചതിൽ നമുക്ക്

അഭിമാനിക്കാം.

# അമ്മയെ മറന്നുപോകുന്ന ഉണ്ണികൾ

ഒരിടത്ത്,നിത്യവും പൊരിച്ച ഇറച്ചി തിന്നണമെന്നു ശഠിക്കുന്ന ഒരു കൊച്ചുപെൺകുട്ടിയുണ്ട്.തന്റെ കിണ്ണത്തിലിരിക്കുന്ന ഇറച്ചി ജീവനുള്ള ഒന്നിന്റേതാണെന്ന് അവൾക്കറിയില്ല.അവൾക്ക് ഇറച്ചിയും ബിസ്കറ്റുപോലെ ഒരു കമ്പനി ഉത്പന്നമാണ്.കമ്പനിയിലെ യന്ത്രങ്ങൾ ഉണ്ടാക്കുന്ന ഒരു സാധനം!

ഇറച്ചിക്കുവേണ്ടി കൊല്ലപ്പെട്ട ജീവി തന്നെപ്പോലെ ജീവനുള്ളതായിരുന്നുവെന്ന് അവൾ അറിയുന്നില്ല.ആ ജീവിയുടെ കരുണ കിനിയുന്ന മുഖം അവളെ അലട്ടുന്നില്ല.അതിന്റെ പിടയുന്ന കണ്ണുകൾ അവൾ എങ്ങനെയാണ് അനുഭവിക്കുക? അവൾക്ക് ഭാഷയും ശാസ്ത്രവും ചരിത്രവും പറഞ്ഞു-കൊടുക്കുന്ന സ്കൂൾ,കരുണയെപ്പറ്റി അവളോട് പറ-യുമോ?പൂപ്പാത്രത്തിലെ ചെടിത്തണ്ടുപോലെ അവളെ അലങ്കരിക്കുന്ന അച്ഛനമ്മമാർ കാരുണ്യ-ത്തിന്റെ ശാസ്ത്രം അവളെ ഓർമപ്പെടുത്തുമോ?

നഗരത്തിൽ പിറന്നു വീഴുന്ന കുട്ടി എന്നും കുപ്പിപ്പാൽ കാണുന്നു. കുപ്പിപ്പാൽ കുട്ടിയുടെ ജീവിതത്തിന്റെ ഭാഗമാണ്. താൻ കുടിക്കുന്ന പാൽ അകലെയുള്ള ഗ്രാമത്തിലെ മറ്റൊരു കുട്ടിയെ പട്ടിണിക്കിട്ട് കവർന്നെടുത്തതാണെന്ന് കുട്ടി അറിയുന്നുണ്ടോ? പശുവും പാലും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെന്ന് തന്നെ കുട്ടിക്കറിയില്ല.

പട്ടണങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഗ്രാമങ്ങളിലെ കുട്ടികൾ പോലും പട്ടിണി കിടക്കുന്ന പശുക്കുട്ടിയെ ഓർമിക്കുന്നുണ്ടാകുമോ? ആ മിണ്ടാപ്രാണിയുടെ മുഖവും ഒന്നുതന്നെയാണെന്ന് അവർ എന്നെങ്കിലും അറിയുമോ?

കറുത്ത പാതകളും നരച്ച കോൺക്രീറ്റ് കെട്ടിടങ്ങളും  പുക പിടിച്ച ആകാശവും പായുന്ന വാഹനങ്ങളും ഓടുന്ന മനുഷ്യരും നിറഞ്ഞ നഗരത്തിലെ കുട്ടി ആശുപത്രിയുടെ പൂന്തോട്ടം കാൺകെ അതിശയിച്ചു:"അച്ഛാ! ആരാണിതിവിടെ ഇങ്ങനെ പരത്തിവച്ചത്?

ആ കുട്ടിക്ക് കറുത്ത പാതകളും നരച്ച കെട്ടിടങ്ങളും കറുത്ത ആകാശവുമാണ് ഭൂമി. പൂക്കളും ചെടികളും നിൽക്കുന്ന മണ്ണ് അവന്റെ കണ്ണിന് അപരിചിതമാണ്.

ഭൂമിയുടെ ഇളംതളിരുകളെപ്പറ്റിയും പൂ-മ്പാറ്റകളെപ്പറ്റിയും നനവുള്ള മണ്ണിനെപ്പറ്റിയും ആ-

രാണ് ആ കുട്ടിയിൽ ബോധമുണർത്തുക?

നഗരത്തിലെ കറുത്ത പുക നിറഞ്ഞ ആകാശച്ചെരുവിൽ ഒരു കുട്ടി ജീവിതത്തിലാദ്യമായി മനോഹരമായ മഴവില്ല് കണ്ടെത്തുന്നു.കുട്ടി കൗതുകത്തോടെ അമ്മയോട് തിരക്കി:"അമ്മേ, എന്തൊരു ഭംഗിയുള്ള പരസ്യം ഞാനിന്നുവരെ കണ്ടിട്ടില്ല. അമ്മേ, ഇതെന്തിന്റെ പരസ്യമാണ്? അതിലൊന്നും എഴുതിയിട്ടില്ലല്ലോ?"

മഴവില്ല് ഭൂമിയുടെ നിസർഗ സൗന്ദര്യമാണെന്ന് കുട്ടികൾ എന്നെങ്കിലും അറിയുമോ?

നമ്മുടെ ജീവിതങ്ങൾ സിമന്റ് ചുമരുകൾക്കിടയിലും വാഹനങ്ങളുടെ പുഴുക്കുന്ന ചൂടിലും ആവിയായിപ്പോകുന്നു. നാം നിർമിച്ച യന്ത്രങ്ങൾ തന്നെയാണ് നാമിന്ന് !

ഗ്രാമത്തിൽ ജീവിക്കുന്ന കുട്ടിപോലും വീടിന്റെയും സ്കൂളിന്റെയും ചുമരുകൾക്കപ്പുറം ജീവനുള്ള ഒരു ലോകമുണ്ടെന്നറിയുന്നില്ല;

തുമ്പികളും മുക്കുറ്റിപ്പൂക്കളും നക്ഷത്രങ്ങളും കാണുന്നില്ല.

മത്സരമാണ് ജീവിതത്തിന്റെ മുഖമുദ്ര. മത്സരത്തിന്റെ തിരക്കിൽ മണ്ണിന്റെ മണവും നിറവും കനിവും അറിയാനും അനുഭവിക്കാനും നമുക്ക് നേരമില്ല. ഭൂമിയുടെ മാതൃത്വവും വാത്സല്യവും മത്സരത്തിനിടയിൽ ചോർന്നുപോവുകയാണെന്ന് നാമറിയുമോ? നാം, കരുണമയിയായ അമ്മയെ മറന്നുപോകുന്ന ഉണ്ണികൾ!!!

# പൂനിലാവ്

ജീവിതമെന്ന ചേദ്യപരിക്ഷയിൽ
വാടിതളരുന്ന പൂമുഖം കാണുമ്പോൾ
മാനമൊട്ടാകെ വിടരുന്ന പുലരിതൻ
മേനിതാൻ കാന്തിവിടരും പുമൊട്ടുകൾ!...
നിറമെറിയ യൗവന കാലത്തിൻ

മാധുര്യമേറുന്ന മിഠായി കഷണങ്ങൾ
നകരും എൻ ജീവിതം.
രോഷവും ഹർഷവും കൂടികലർന്നൊരെൻ
ജീവിതസന്ധ്യയിൽ മയിൽപീലിയാകും
എൻ മനസ്സിൻ പൂന്തോപ്പിൽ.
വെള്ളാരം കാല്ലുപോൽ മിന്നിടവേ!!!
സനേഹമായി ഒരുവാക്കു മൂളാൻ വരും
കുളിർ തെന്നലേ...നീ അറിഞ്ഞുവോ
പൂനിലാവിന്റെ ചാരുതയിൽ മയങ്ങും
നക്ഷത്രത്തിന്റെ സ്നേഹനൊമ്പരങ്ങൾ

## പ്രളയം നൽകുന്ന പാഠം



രണ്ടായിരത്തിപതിനെട്ട് കേരള ചരിത്രത്തില്
മറക്കാനാവാത്ത ഒരു വർഷമാണ്.നമ്മുടെയൊന്നും
വിദൂരമല്ലാത്ത ഒരു മഹാപ്രളയം കടന്നുപോയവർഷം.
സമാനകളില്ലാത്ത മഹാപ്രളയം കേരളീയർ കൊട്ടിയടച്ച
മതിലുകളെല്ലാം ഭേദിച്ചു.അതികമിച്ച കടന്നുവരരുത്
എഴുതിവെച്ച എല്ലാ പലകകളെയും പറിച്ചെറിഞ്ഞ് ജലം
ഇരച്ചുകയറി .അയൽക്കാൻ ആരെന്നുപോലും തിരക്കാതെ
തിരക്കുകളിൽ ആഴ്ന്നിറങ്ങിയവരെ ഇരുത്തി ചിന്തിപ്പിച്ചു.
ജാതിമത രാഷ്ട്രീയ ചിന്തകളുടെ അതിർവരമ്പുകൾ ഇല്ലാതെ
ഒരാൾ മറ്റൊരാൾക്ക് ഊന്നുവടിയായി. മാനവസേനയാണ്
മാധവസേവയെന്ന് തിരിച്ചറിഞ്ഞ് പ്രളയത്തിലേക്ക്

എടുത്തു ചാടിയ യുവത്വം.കട്ടൂറിന്റെയും ഇന്റർനെറ്റിന്റെയും ലോകത്തു തളിച്ചിടപ്പെട്ടവരെന്ന് നാം അവരെ വിമർശിക്കുമ്പോഴും അവയെല്ലാം രക്ഷാപ്രവർത്തനത്തി ഏകോപനമാക്കിമാറ്റിയ നവമാധ്യമ ഇടപ്പെടലുകൾ. പോലീസിന്റെയും ഫയർഫോഴ്സിന്റെയും ജീവൻ പണയപ്പെടുത്തിയ ദൗത്യങ്ങൾ. എല്ലാത്തിനുമുപരി കടലിന്റെ മക്കളുടെ നിശ്ചയദാർഢ്യവും കരുണയും ആർത്തിരമ്പിവരുന്ന പ്രളയജലത്തെ തളർത്തിയതതാണ് പച്ചമനുഷ്യന്റെ മനുഷത്വം ഉറവറ്റാത്ത അവരുടെ സേനഹവും കരുതലുമാണ് നമ്മെ കൈപ്പിടിച്ചുയർത്തിയത്. പൂർണഗർഭിണിയായ യുവതിയെ ഹെലികോപ്പ്റ്ററിൽ ആശുപത്രിയിൽ എത്തിച്ച് രണ്ട് ജീവൻ രക്ഷിച്ച നമ്മുടെ വ്യോമസേനാ നമ്മുടെ കരുതൽ ദുരിതാശ്വസ ക്യാമ്പോരുക്കിയ സന്നദ്ധ സംഘടനകൾ സഹായം എത്തിച്ച സാമൂഹിക പ്രവർത്തനങ്ങൾ കുട്ടനാടിന്റെയും ചെങ്ങന്നൂരിന്റെയും ജനങ്ങളെയെല്ലാം വിവിധ പ്രദേശങ്ങളിലേക്കും മാറ്റിപാർപ്പിച്ച സർക്കാർ സംവിധാനങ്ങൾ എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിച്ച ഉദ്യോഗസ്ഥർ രാഷ്ട്രീയഭേദമന്യേ കടമകൾ നിർവഹിച്ചനേതാക്കൾ അതേ നമ്മുടെ കേരളം തലയുയർത്തി നിൽക്കുകയാണ് മഹാപ്രളയത്തെ അതിജീവിച്ച് ലോകത്തിന് മാതൃകയായി അതിജീവനത്തിന്റെ പുത്തിൻ പാഠങ്ങൾ രചിച്ചുകൊണ്ട്....



# കുട്ടനാട്

*കേരളത്തിലെ ആലപ്പുഴ ജില്ലയിലെ പ്രധാന പ്രദേശങ്ങളിലൊന്നാണ് കുട്ടനാട്. കാർഷികവൃത്തി പ്രധാനമായുള്ള ഇവിടം കേരരളത്തിലെ നെൽകൃഷിയുടെ പ്രധാന കേന്ദ്രമാണ്.ഇന്ത്യയിൽ തന്നെ ഏറ്റവും താഴ്ന്ന പ്രദേശങ്ങളിലൊന്നാണ് കുട്ടനാട്. 500 ച. കി.മീ ഓളം പ്രദേശം സമുദ്രനിരപ്പിനേക്കാൾ താഴെയാണ് സ്ഥിതിചെയ്യുന്നത് എന്നത് ഈ പ്രദേശത്തിന്റെ സവിശേഷതയാണ്.*

*സമുദ്രനിരപ്പിൽ നിന്നും 2.2 മീ താഴെ മുതൽ 0.6. മീ മുകളിൽ വരെയാണ് ഈ പ്രദേശത്തിന്റെ ഉയര വ്യത്യാസം. സമുദ്രനിരപ്പിനുതാഴെയുള്ള പ്രദേശത്ത് കൃഷിചെയ്യുന്ന ലോകത്തിലെതന്നെ അപൂർവ്വം പ്രദേശങ്ങളിലൊന്നാണ് ഇവിടം. ഒരു വിനോദസഞ്ചാരകേന്ദ്രവുമാണ് കുട്ടനാട്. പ്രചീനചേരരാജാവായ ചേരൻ ചെങ്കുട്ടവന്റെ തലസ്ഥാനങ്ങളിലൊന്നായിരുന്നു ഇന്നത്തെ കുട്ടനാട്. രാജാവിന്റെ പേരിനു ചേർന്നാണ് കുട്ടനാട് ഉണ്ടായത്. ആദിചേരരാജാക്കന്മാരുടെ തലസ്ഥാനം കുട്ടനാടായിരുന്നു. ഇതാണ് കുട്ടവരുടെ നാട് എന്നർത്ഥത്തിൽ കുട്ടനാടായിത്തീർന്നത് എന്നാണു ഇനിയുമൊരു വാദം.*

*ബുദ്ധന്റെ പ്രാദേശികനാമമായിരുന്നു കുട്ടൻ. വ്യാപകമായ ബുദ്ധമതസ്വാധീനമുണ്ടായിരുന്നു ഒരു കാലത്ത് പ്രധാനപ്പെട്ട ബുദ്ധവിഹാരങ്ങൾ സ്ഥിതിചെയ്തിരുന്ന നാട് എന്ന നിലയിലാണു കുട്ടനാട് എന്നു പേർ വന്നതെന്നു ചില*

ചരിത്രകാരന്മർ വിശ്വാസിക്കുന്നു. പിൽക്കാലത്ത്
കരുമാടിയിൽ സ്ഥിതിചെയ്യുന്ന 'കരുമാടിക്കുട്ടൻ'
എന്ന പ്രശസ്തമായ പ്രതിമ ബുദ്ധന്റേതാണെന്നു
കരുതപ്പെടുന്നു.
ചുട്ടനാട് ആണു കുട്ടനാടായി മാറിയതെന്നാണു
ഒരു വാദം. പ്രാചീനകാലത്തു
നിബിഡവനപ്രദേശമായിരുന്ന ഇവിടം
കാട്ടുതീയിൽപ്പെട്ട് മൊത്തം കരിഞ്ഞുപോയെന്നും
അതിലാണു ചുട്ടനാട് എന്നു പേർ കിട്ടിയതെന്നും
ഈ വാദം ചൂണ്ടിക്കാട്ടുന്നു. ഇതിനു
ഉപോദ്ബലകമായി തോട്ടപ്പള്ളിക്കു ചുറ്റുമുള്ള
പ്രദേശങ്ങളിൽനിന്നും അടുത്തകാലം വരെ
കുഴിച്ചെടുത്തിരുന്ന കരിഞ്ഞുകാണപ്പെട്ട
മരത്തടികളും കരിനിലം എന്നറിയപ്പെടുന്ന
നെൽപ്പാടങ്ങളിലെ കരിയുടെ അംശം പൊതുവേ
കൂടുതലായി കാണുന്ന മണ്ണും തെളിവുകളായി
ഉയർത്തിക്കാണിക്കുന്നു.
കുട്ടനാട്ടിലെ ജനങ്ങളുടെ പ്രധാന
ഉപജീവനമാർഗ്ഗം കൃഷിയാണ്. നെല്ല് ഒരു പ്രധാന

*കാർഷികവിളയാണ്. കുട്ടനാടിന് കേരളത്തിന്റെ നെല്ലറ എന്നും പേരുണ്ട്.*

*നെല്ല്, നേന്ത്രക്കായ്, കപ്പ, കാച്ചിൽ എന്നിവയാണ് കുട്ടനാട്ടിലെ പ്രധാന കാർഷിക വിളകൾ. കുട്ടനാട് 31.01.2012 ന കാർഷിക പൈതൃകനഗരമായി പ്രഖ്യാപിച്ചു. നാല് പ്രധാന നദികളായ പമ്പ , മീനച്ചിലാർ , അച്ചൻകോവിലാർ , മണിമലയാർ എന്നിവ കുട്ടനാട്ടിലൂടെ ഒഴുകുന്നു. ജലം കൊണ്ട് ചുറ്റപ്പെട്ടിരിക്കുന്നെങ്കിലും കുടിവെള്ള ക്ഷാമം ഇവിടെ രൂക്ഷമാണ്. ആഴ്ചയിൽ രണ്ടുതവണ മാത്രമേ കുടിവെള്ളം ലഭിക്കുന്നുള്ളു.*

# കലാമിനോട് ഒരു ചോദ്യം



## പരാജയങ്ങളെ മറികടക്കൽ

ചോദ്യം:സർ,പരാജയപ്പെട്ട നിലയിലാണ് എന്റെ ജീവിതം ഇപ്പോൾ. ജീവിച്ചിരുന്നിട്ട് ഒരു കാര്യവുമില്ല എന്ന ശക്തമായ തോന്നൽ എന്നെ വല്ലാതെ അലട്ടി. ആത്മഹത്യ ചെയ്താലോ എന്ന് പലപ്പോഴും ഞാൻ ചിന്തിച്ചു. അച്ഛനമ്മമാർക്ക് എന്നിലുള്ള എല്ലാ പ്രതീക്ഷയും ഇല്ലാതായി. പറയു സാർ, ഞാനൊരു പരാജയമാണൊ?

കലാമിന്റെ ഉത്തരം:പ്രിയപ്പെട്ട സുഹൃത്തെ,

പരാജയമില്ലാതെ വിജയമില്ല. ഒടുവിൽ ചെന്നുചേരേണ്ട ഇടം വിജയമാണ്. ഇടവിട്ടുവരുന്ന തടസ്സങ്ങൾ കടന്നു നിങ്ങക്കു മുന്നേറാൻ കഴിഞ്ഞാൽ പരാചയങ്ങളെ തോല്പിച്ച് വിജയം ജീവിതത്തിൽ വിജയം നേടാൻ സാധിക്കും. ലോകപ്രശസ്തനായ ഗണിതശാസ്ത്രജ്ഞൻ ശ്രീനിവാസ രാമാനുജന്റെ കഥ ഞാൻ പറയാം.വെറും മുപ്പത്തിരണ്ടു വർഷത്തെ ആയുസ്സും വളരെക്കുറിച്ച് ഔപചാരികവിദ്യാഭ്യാസവും  ഉണ്ടായിരുന്നു അദ്ദേഹം സവിശേഷമായ സംഭാവനകളാണ് നൽകിയത്.4000 ത്തിൽ അധികം മൗലികസിദ്ധാന്തങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്.1887 ൽ തമിഴ്നാട്ടിലെ ഈറോഡിൽ ജനിച്ച രാമാനുജൻ കുട്ടിക്കാലംമുതലേഗണിതശാസ്ത്രത്തിൽ നൈസ്സർഗ്ഗികമായ ശേഷി പ്രദർശിപ്പിച്ചിരുന്നു.പന്ത്രണ്ടാം വയസ്സിൽ അദ്ദേഹം സ്വന്തമായി സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു.അക്കാലത്ത് പ്രഗല്ഭരായ ഗണിതശാസ്ത്രജ്ഞരുടെ കേന്ദ്രം യൂറോപ്പ് ആയിരുന്നതിനാലും ഇന്ത്യയിലെ പരിമിതമായ സാഹചര്യത്തിൽ ജീവിക്കുകയും ജോലിയെടുക്കുകയും ചെയ്തിരുന്നതിനാലും രാമാനുജൻ തന്റെതായ രീതിയിൽ ഗണിതശാസ്ത്ര ഗവേഷണം മുന്നോട്ടു കൊണ്ടുപോയി. പതിനേഴ വയസ്സായപ്പോഴേക്കും ബെർണോലിഅക്ങ്ങളെക്കുറിച്ചും ഏളർ മാസ്ക്കറോണി

കൊൺസ്റ്റൻഡിനെ സംബന്ധിച്ചും സ്വന്തം നിലയിൽ ഗവേഷണം നടത്തികഴിഞ്ഞിരുന്നു.

എന്തൊക്കെയാണ് രാമാനുജന് സഹിക്കേണ്ടിവന്നത്? പക്ഷേ ആ ക്ലേശങ്ങളൊന്നുംതന്നെ അദ്ധഹത്തിന്റെ പ്രതിഭയെ തളർത്തിയില്ല.പ്രതികൂലവും വിനാശകരവുമായ സഹനങ്ങളും ബുദ്ധിമുട്ടുകളും രാമാനുജന്റെ ജീവിതത്തിൽ അടിക്കടി ഉണ്ടായെങ്കിലും നീണ്ട കാലയളവിൽ അവയെല്ലാം സംതുലിതമാവുകയും നല്ല ഫലങ്ങൾ ലഭിക്കുമ്പോൾ ശക്തവും അനുകൂലവുമായി രൂപമാറ്റം സംഭവിക്കുകയും ചെയ്തു.

# നീയൊരാൾ മാത്രം

എഴുതാത്ത കവിത തൻ
കടവുമായ് ഞാനെന്റെതാം
നിഴലിലിത്തിരി നേരം
വന്നിരിക്കുമ്പോൾ

എന്നെപ്പറ്റി,എന്നെറ്റി-
പ്പാടുകൊന്നു തിരക്കുന്നു
കൺമണികൾ നിങ്ങളെന്റെ
ചുമൽ കുലുക്കി

എന്നെപ്പറ്റി, നാണക്കുഴി
വിരിയുന്ന കവിളുമായ്
ഇന്നലത്തെക്കൗമാരമെൻ
കരം പിടിപ്പൂ.
എന്നെപ്പറ്റി,ക്കരതാരി-
ലൊരു കുലപ്പൂവുമായി
വന്നു നിന്നു ചിരിക്കുന്നു
വസന്തകാലം
എന്നെപ്പറ്റി,ച്ചിരിക്കുന്ന
കുളിരന്തിമാലർ,പാടു-
കെന്നെപ്പറ്റി,യുവസന്ധ്യ
കാത്തു നില്ക്കുന്നു.
എന്നെപ്പറ്റി,ച്ചുരുൾ മുടി-
യഴിഞ്ഞു പൂവിതൾ ചിന്നി
വെണ്ണിലാച്ചിരിയുമായെൻ
പ്രേമമെത്തുന്നു,

എന്നെപറ്റിപ്പാടുകില്ലേ?
സാന്ധ്യദീപം ,വിടർന്നൊരീ
വിണ്ണിലെത്താരക ,കൊച്ചു
നിലാവിൻ മൊട്ടും.
എന്നെപ്പറ്റി! എന്നെപ്പറ്റി!

നാലുപാടും നിന്നു നിങ്ങ-
ളെന്നെ വിളിച്ചലട്ടുമ്പോൾ
ഞാനറിയുന്നു
എന്നെപ്പറ്റിപ്പാടുകെന്നു
പറയാത്തതൊരാൾ മാത്രം
സ്വിന്നകപോലയായ് നിത്യ
വിരഹിണിയായ്
നിറമിഴി താഴ്ത്തിയെന്റെ
പുറകിൽ നില്ക്കുമെൻ പ്രാണ
ചിരസഖി വിഷാദമേ
നീയൊരാൾ മാത്രം!..

# പൂന്തോട്ടക്കാഴ്ച്ചകൾ






# പനിനീർ പൂവ്

പനിനീർ പുഷ്പം പോലേ
പുഷ്പിക്കുമെൻ പൂങ്കാവനമേ...
മരതക മേടിൽ കളിക്കും
കുരുന്നിനെ  പോലെൻ മനം
പൂത്തുലഞ്ഞീടുന്നു.
മനസാകെ മലരിൻ മലയാൽ
എന്നെ സുന്ദരമാക്കീടുമ്പോൾ
മനസ്സിൻ അടിത്തട്ടിൽ ആരോ
മൂളും പോലെ!
മേഘമായി താളമായി രാഗത്തിൻ
 സാന്ദ്രമായി എന്നിൽ അലിഞ്ഞിടുന്ന
പുണ്യമേ!
എന്നിൽ നിറയും പുണ്യമേ
എന്നിൽ പൂവിടും പുഷ്പമേ
എന്നിൽ നൃത്തമാടും രാഗമേ
രാകിനാവിൽനേരങ്ങളിൽ
രാക്കുയിലായി പാറിടവേ!..


അലീന 10 A

# ഗാന്ധിയൻ ചിന്തകൾ



എന്റെ ഭാവിയിലുള്ള ഗ്രാമം നിറയെ
ബുദ്ധിയുള്ള മനുഷ്യരായിരിക്കും
അവ മൃഗസമാനം അഴുക്കിലും
ഇരുട്ടിലും കഴിയുകയില്ല..
അവിടെ പ്ലേഗും കോളറയും വസൂരിയും
ഉണ്ടായിരിക്കില്ല , ആരും മടിയൻ
മാരായിരിക്കില്ല, ആരും ആഡംബരത്തിൽ
മാഴ്കില്ല. ഓരോരുത്തരും അവരവരുടെതായ തോതിൻ
കായികാദ്ധ്വാനം ചെയ്യും

ഗാന്ധിജി



# വി. ടി. ഭട്ടതിരിപ്പാട്

*കേരളത്തിലെ പ്രശസ്തനായ സമൂഹ്യനവോത്ഥാന നായകനും നാടകകൃത്തും*

*ഉപന്യാസകാരനുമായിരുന്ന*

## *വി. ടി. ഭട്ടതിരിപ്പാട് 1896 മാർച്ച് 26 ന്*

*വി. ടി. യുടെ അമ്മയുടെ വീടായ കിടങ്ങൂർ കൈപ്പിള്ളി*

*മനയിൽ ജനിച്ചു. യഥാർത്ഥപേര്*

*വെള്ളിത്തുരുത്തിതാഴത്ത് രാമൻ ഭട്ടതിരിപ്പാട് എന്നായിരുന്നു.*

# ആദ്യകാലങ്ങൾ

*വി. ടി. യുടെ ബാല്യകാലം ഒട്ടും ശോഭനമായിരുന്നില്ല. അത്രയൊന്നും സാമ്പത്തികമില്ലാത്ത ഒരില്ലത്താണ് അദ്ദേഹം*

*ജനിച്ചത്. വേദപഠനത്തിനു ശേഷം നിവൃത്തികേടുകൊണ്ട് അദ്ദേഹം മുണ്ടമുകശാസ്താംകോവിലിലെ*

*ശാന്തിക്കാരനാവേണ്ടി വന്നു.*

*മുണ്ടമുകക്ഷേത്രവത്തിലെ ശാന്തിക്കാരനായിരുന്ന കാലത്ത്*

*അദ്ദേഹത്തിന്റെ ജിവിതത്തിന്റെ ഗതിതന്നെ തിരിച്ച*

## വെണ്ണിലാവ്

ജീവിതമാകുന്ന നാടകവേദിയിൽ
മനം ഉരുകുന്ന സന്ധ്യവേളയിൽ
മണിചെപ്പു കിലുക്കും എൻ
ഹൃദയ തടാകമേ!!!
മാനത്തെ പൂമൊട്ട് മാറാതെ
മാറുന്ന നേരത്തു നിന്നുടേ ചാരുത-
യേറു പൂമുഖതാളുകൾ വായിച്ചെടു-
ക്കുന്നതിന്റെ ഉള്ളം...

മാനത്തെ പൊൻതാരകത്തിൽ
കിലുങ്ങുന്ന മഞ്ഞാടി ചെപ്പിന്റെ
താളം ഹ്രദയത്തിന്റെ
അടിത്തട്ടിൽ കുളിരേകുന്നു.
മൗനമാകുന്ന സംഗീതത്തിന്റെ മാ-
ധുര്യമേറുന്ന മായാവേളയിൽ മായ-
മുകിലു പോലെൻ അരികിൽ
വരാമോ...
ഹ്രദയത്തിന്റെ താക്കോൽ എന്നും
സൂക്ഷിച്ചുവെക്കുവാനൊരിടം തരു-
മോ എൻ ഓമലേ!!!

# താരങ്ങൾ മണ്ണിൽ പെയ്തിറങ്ങി....



ആദരവ് അവിസ്മരണീയമായി അരൂർ മണ്ഡപത്തിലെ  വിദ്യാർത്ഥികളെ ആദരിക്കുന്ന എ . എം ആരിഫ് . എം എൽ എ യുടെ ആദരം പരിപാടി എസ്. എൻ . എച്ച് . എസ് ശ്രീകണ്ഠേശ്വരം സ്കൂളിൽ നടന്ന മുൻ ചീഫ് സെക്രട്ടറിയും പ്രശസ്ത കവിയുമായ കെ . ജയകുമാർ ഉത്ഘാടനം ചെയ്ത ചടങ്ങിൽ ജയറാം കുട്ടികളെ ആദരിച്ചു. സിനിമാതാരങ്ങളായ കലാഭവൻ ഷാജോൺ , സാജൻ പള്ളുരുത്തിയും ഗാനരചയിതാക്കളായ രാജീവ് ആലുങ്കലും ,വയലാർ ശരത് ചന്ദ്രവർമ്മയും അടക്കമുള്ള പ്രമുഖവ്യക്തികൾ സംസാരിച്ചു.